പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1677 — 01.11.2019 ൽ മറുപടിയ്ക്ക്

## കാലാവസ്ഥാ വ്യതിയാനം നേരിടുവാൻ തദ്ദേശസ്ഥാപനങ്ങളുടെ കർമ്മപരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
| കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ അറിയാൻ കഴിയുന്നത് അതത് പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങൾക്കായതിനാൽ പ്രാദേശിക തലത്തിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ അവസ്ഥ വിശകലനം ചെയ്യുവാനും അനന്തരഫലങ്ങൾ പ്രാദേശികമായി നേരിടു വാനുമുള്ള കർമ്മപരിപാടികൾ തദ്ദേശസ്ഥാപനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഉണ്ട്. 23.10.2018 ലെ സ.ഉ(സാധാ) നം 2710/2018/തസ്വഭവ. പ്രകാരം പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ സ്പെഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകൈ എടുക്കേണ്ടതുമാണ് എന്ന നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും "ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം " എന്നീ മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതിയിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതി ആസൂത്രണം പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ടീം ആന്റ് ട്രെയിനിംഗ് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്ടായി സോളാർ ഫെൻസിംഗ് ഫോർ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ എന്ന പ്രോജക്ടും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.<br>2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ കോർപ്പറേഷൻ തലത്തിൽ ഒരു ദുരന്തനിവാരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകൾ സ്വീകരിച്ച കർമ്മപരിപാടികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

Daniya M

സെക്ഷൻ ഓഫീസർ

ആനുബന്ധം

## കാലാവസ്ഥ വ്യതിയാനം നേരിടുവാൻ സംസ്ഥാനത്തെ നഗരസഭകൾ സ്വീകരിച്ച കർമ്മപരിപാടികൾ

**തിരുവനന്തപുരം** - കാലാവസ്ഥ വ്യതിയാനം കൊണ്ടും മനുഷ്യ നിർമ്മിത ദുരന്തങ്ങളാലും ഉണ്ടാകുന്ന ആപത്തുകൾ ലഘൂകരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം നഗരസഭ ഡി.പി.സി യുടെ അംഗീകാരത്തോടുകൂടി (പ്രോജക്ട് നമ്പർ എസ്-1060/20) നഗര സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ ജാഗ്രത പദ്ധതി രൂപീകരിക്കുകയും ടി പദ്ധതി മുഖാന്തിരം നഗരസഭയ്ക്ക് കീഴിലുള്ള എല്ലാ വാർഡുകളിലും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്കും ദേശീയ ട്രേഡ് യൂണിയനിലെ തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളികൾക്കും അടിയന്തിര ജീവൻ സുരക്ഷ പരിശീലനം, രക്ഷാ പ്രവർത്തനങ്ങളുടെ പരിശീലനം, അടിസ്ഥാന അഗ്നി സുരക്ഷാ പരിശീലനം, താത്കാലിക ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നടത്തിപ്പിനെകുറിച്ചും പരിശീലനം എന്നിവ നൽകുവാനും, കൂടാതെ നഗരത്തിലെ ഷോപ്പിംഗ് മാളുകളിലേയും മറ്റ് വ്യവസായ സ്ഥാപനങ്ങളിലുള്ള തെരഞ്ഞെടുക്കപ്പെട്ട 500 സുരക്ഷാ ജീവനക്കാർക്ക് അഗ്നി സുരക്ഷാ പരിശീലനം നൽകുവാനുള്ള പ്രാരംഭഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കൊച്ചി** - കൊച്ചി നഗരസഭയിൽ പ്രാദേശിക തലത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അവസ്ഥ വിശകലനം ചെയ്യുന്നതിനായി ICLEI (International council for local environmental initiative) എന്ന സ്ഥാപനത്തെ കൊണ്ട് പഠനം നടത്തിയിട്ടുള്ളതും ഇതിന്റെ കരട് റിപ്പോർട്ട് സെപ്റ്റംബർ 2019 ന് ലഭ്യമായിട്ടുള്ളതുമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ പ്രാദേശികമായി നേരിടുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടില്ലാത്തതാണ്.

**തൃശ്ശൂർ** - 2018 - ലെ പ്രളയവുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോർപ്പറേഷൻ തലത്തിൽ ഒരു ദുരന്തനിവാരണ കമ്മറ്റി രൂപീകരിച്ചിരുന്നു. തൃശ്ശൂർ കോർപ്പറേഷനിൽ അന്ന് നിലവിലുണ്ടായിരുന്ന പാരിസ്ഥിതിക എഞ്ചിനീയർ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ പ്രാദേശികമായി നേരിടുന്നതിന് കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. തോടുകളും കാനകളും വൃത്തിയാക്കി വെള്ളക്കെട്ട് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ** - ആലപ്പുഴ നഗരസഭ 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട Flood sanitation committee രൂപീകരിച്ച പ്രവർത്തനം നടത്തിയിട്ടുള്ളതാണ്

**അങ്കമാലി** - കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നഗരസഭാ തലത്തിൽ ദുരന്തനിവാരണകമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും 23.10.19 തീയതിയിൽ കൂടിയ യോഗത്തിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വാർഡ് തലത്തിൽ ദുരന്തനിവാരണകമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. എല്ലാ മാസങ്ങളിലും കമ്മിറ്റി കൂടി അവലോകനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ആറ്റിങ്ങൽ** - നഗരസഭയിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം 3 പ്രാവശ്യം കൂടുകയും ടി വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനായി കെ.എസ്.ഇ.ബി, കെ.ഡബ്ലിയു.എ. കൃഷിവകുപ്പ്, പോലീസ് വകുപ്പ്,

ഫയർഫോഴ്സ്, സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്.

**ഫറോക്ക്** - ഹരിത കേരള മിഷനുമായി ചേർന്ന് പച്ചതുരുത്ത് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**കോട്ടയം** - കാലാവസ്ഥാ വ്യതിയാനത്തിന്റെ അവസ്ഥ വിശകലനം ചെയ്യുന്നതിനും അനന്തരഫലങ്ങൾ നേരിടുന്നതിനുമായി നഗരസഭ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എമർജൻസി റസ്ക്യൂ ടീം രൂപീകരണം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വാർഡ്തലത്തിൽ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുകയും, രക്ഷാ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും ആയതിലൂടെ പ്രളയദുരന്തനിവാരണത്തിന് നഗരസഭയെ സുസജ്ജമാക്കുകയുമാണ് ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. മഴയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന അലർട്ടുകൾ ദൃശ്യ-പത്രമാധ്യമങ്ങളിൽ വരുന്നതനുസരിച്ച് നഗരസഭയുടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഉണ്ടായാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് നേരിടുന്നതിന് ദുരിതാശ്വാസ ക്യാമ്പുകൾ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ നിർവ്വഹിക്കാറുണ്ട്.

**നെടുമങ്ങാട്** - വെള്ളപ്പൊക്കവും, വെള്ളക്കെട്ടും തടയുന്നതിന്റെ ഭാഗമായി നഗരസഭാ പരിധിയിലുള്ള കിള്ളിയാറിന്റെയും, മറ്റ് തോടുകൾ, ചാലുകൾ എന്നിവയുടെയും ഒഴുക്ക് സുഗമമാക്കുന്നതിനായി കിള്ളിയാർ മിഷൻ പരിപാടി വിജയകരമായി നടന്നുവരുന്നു. വരൾച്ച നേരിടുന്നതിനായി കിണർ റീചാർജ്ജിംഗ് കിണറുകൾ ആഴം കൂട്ടൽ മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വരൾച്ചയുള്ള സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തി വരുന്നു. പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. അപകടാവസ്ഥയിലുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് റവന്യൂ വകുപ്പുമായി സഹകരിച്ച് ദുരന്തനിവാരണ നിയമപ്രകാരവും, മുനിസിപ്പൽ നിയമപ്രകാരവും സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. 13 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വച്ച് കിള്ളിയാറും, പരിസര തോടുകളും, ചാലുകളും വൃത്തിയാക്കി, മാലിന്യം ഒഴുകുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിള്ളിയാറിന്റെ കരഭാഗത്തുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സർവ്വേ നടപടികൾ നടന്നുവരുന്നു.

**പട്ടാമ്പി** - 325 മഴക്കുഴികൾ നിർമ്മിച്ചു. നാച്ചുറൽ ഫെൻസിംഗിന്റെ ഭാഗമായി ട്രഞ്ചിംഗ് ഗ്രൌണ്ടിന് ചുറ്റും, ഭാരതപ്പുഴയുടെ തീരത്തും മുഴങ്കാടുകൾ വച്ച് പിടിപ്പിക്കുന്ന പ്രവർത്തിയുടെ നടപടി സ്വീകരിച്ചുവരുന്നു. കിണർ റീ ചാർജ്ജ് ചെയ്യുന്ന പ്രവർത്തി നടപ്പിലാക്കി വരുന്നു.

**തലശ്ശേരി** - നഗരസഭാ തലത്തിൽ കമ്മ്യൂണിറ്റി റസ്ക്യൂ വോളണ്ടിയേർസിനെ കൂടി ഉൾപ്പെടുത്തി ദുരന്തനിവാരണ സേന രൂപീകരിച്ച് ബഹുവിധ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരിശീലനം നൽകൽ. കഴിഞ്ഞ പ്രളയക്കെടുതിയിൽ മാതൃകാ പ്രവർത്തനം കാഴ്ചവെച്ച നഗരസഭാ പ്രദേശത്തെ 32 മത്സ്യ തൊഴിലാളികളെയും ഈ സേനയിൽ അംഗങ്ങളാക്കി പ്രവർത്തനം ഫലപ്രദമാക്കൽ. വിവിധ വകുപ്പുകളുമായി (പോലിസ്, ഫയർ ആന്റ് റസ്ക്യൂ, ആരോഗ്യ വകുപ്പ്, കെ.എസ്.ഇ.ബി, ഫിഷറീസ്, കോസ്റ്റൽ വകുപ്പ്) സഹകരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ വുഡ് കട്ടർ,കോൺക്രീറ്റ് കട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ കർമ്മ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

Danya M
സെക്ഷൻ ഓഫീസർ